**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 618** **13-10-2026-ൽ മറുപടിയ്ക്ക്**

**ഇ.എസ്.എ. കരട് വിജ്ഞാപനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ച ഇ.എസ്.എ. കരട് വിജ്ഞാപനത്തിൽ ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി, പരിയാരം വില്ലേജുകളിലെ ജനവാസ മേഖലകളും കൃഷിഭൂമിയും ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** 27.07.2026-ലെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി, പരിയാരം വില്ലേജുകൾ ഉൾപ്പെട്ടിട്ടുണ്ട്. 10.03.2014-ൽ പ്രസിദ്ധീകരിച്ച ആദ്യ കരട് വിജ്ഞാപനത്തിൽ, പരിയാരം വില്ലേജ് മാത്രമാണ് രേഖപെടുത്തിയിരുന്നത്. അതിന്റെ വിസ്തൃതി 708.42 ച. കി. മി. എന്നാണ് കാണിച്ചിരിക്കുന്നത്. 2014-ൽ രൂപീകരിച്ച പഞ്ചായത്ത് തല പരിശോധന കമ്മിറ്റി തയാറാക്കിയ കഡസ്ട്രൽ മാപ്പിൽ പരിയാരം വില്ലേജിന്റെ വടക്ക്-കിഴക്ക് ഭാഗങ്ങൾ വനമായിട്ടാണ് കാണിച്ചിട്ടുള്ളത്. തുടർന്ന്, പരിയാരം വില്ലേജ് വിഭജിച്ച് അതിരപ്പള്ളി എന്ന പുതിയ വില്ലേജ് രൂപപ്പെടുകയും ആയത് ESA കരട് വിജ്ഞാപനത്തിൽ രേഖപ്പെടുത്തുകയുമാണ് ചെയ്തത്. ആയതിന്റെ അടിസ്ഥാനത്തിൽ, പരിയാരം വില്ലേജിന്റെ വിസ്തൃതി 341.76 ച.കി.മി. ആയും, അതിരപ്പിള്ളി വില്ലേജിന്റെ വിസ്തൃതി 348.59 ച.കി.മി. ആയും അടയാളപ്പെടുത്തി KSREC, shape files നൽകുകയുമുണ്ടായി.

സംസ്ഥാന സർക്കാർ GIS അടിസ്ഥാനത്തിലുള്ള വിശകലനം, സ്ഥലപരിശോധന, ജില്ലാതല പരിശോധന തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ESA അതിർത്തി കൂടുതൽ കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തിന്റെ പരിഷ് കരിച്ച നിർദ്ദേശത്തിൽ അതിരപ്പിള്ളി വില്ലേജിന്റെ ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കിയുള്ള വിസ്തൃതി 340.46 ച.കി.മി-യും, പരിയാരം വില്ലേജിന്റേത് 302.95 ച.കി.മി-യും ESA ആയി നിർദ്ദേശിച്ചിട്ടുണ്ട്.

**(ബി)** വനഭൂമിയില്ലാത്തതും പൂർണമായും ജനവാസ മേഖലകളും കൃഷിഭൂമിയും മാത്രമുള്ളതുമായ പരിയാരം വില്ലേജിനെയും അതിരപ്പിള്ളി വില്ലേജിലെ ജനവാസ മേഖലകളെയും ഇ.എസ്.എ. പട്ടികയിൽനിന്ന് ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മാപ്പിൽനിന്ന് പരിയാരം വില്ലേജിനെയും അതിരപ്പിള്ളി വില്ലേജിലെ ജനവാസ മേഖലകളെയും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പ്രസിദ്ധീകരിച്ചിട്ടുള്ള മാപ്പിൽ പരിയാരം വില്ലേജിന്റെയും അതിരപ്പിള്ളി വില്ലേജിന്റെയും വിസ്തൃതി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**